| 03-08-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- ഇത് പരിധിയില്ലാത്ത സ്റ്റേജാണ്, ഇവിടെ നിങ്ങൾ ആത്മാക്കൾ പാർട്ട് അഭിനയിക്കുന്നതിനുവേണ്ടി ബന്ധിതരാണ്, ഇതിൽ ഓരോരുത്തരുടെയും പാർട്ട് നിശ്ചയിക്കപ്പെട്ടതാണ്.**

**ചോദ്യം -** കർമ്മാതീത അവസ്ഥ പ്രാപ്തമാക്കാനുള്ള പുരുഷാർത്ഥം എന്താണ്?
**ഉത്തരം -** കർമ്മാതീതമായി മാറണമെങ്കിൽ പൂർണ്ണമായും സമർപ്പണമാകണം. തന്റേതായി ഒന്നുമില്ല. എല്ലാം മറക്കുമ്പോഴാണ് കർമ്മാതീതമായി മാറാൻ സാധിക്കുക. ആർക്കാണോ ധനം, സമ്പത്ത്, കുട്ടികൾ ഇവയുടെയെല്ലാം ഓർമ്മ വരുന്നത്, അവർക്ക് കർമ്മാതീതമായി മാറാൻ സാധിക്കില്ല അതുകൊണ്ട് ബാബ പറയുകയാണ് ഞാൻ ദരിദ്രരുടെ നാഥനാണ്. ദരിദ്രരായ കുട്ടികൾ പെട്ടെന്ന് സമർപ്പണമാകും. അവർക്ക് സഹജമായി എല്ലാം മറന്ന് ഒരു ബാബയുടെ ഓർമ്മയിലിരിക്കാൻ സാധിക്കും.

**ഓം ശാന്തി -** ആത്മീയ അച്ഛൻ തന്റെ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്, കുട്ടികളുടെ ബുദ്ധിയിൽ തീർച്ചയായും ഉണ്ട് ഇപ്പോൾ വീട്ടിലേക്ക് പോകണം. ഭക്തരുടെ ബുദ്ധിയിൽ ഈ കാര്യം ഇല്ല. നിങ്ങൾക്കറിയാം 84 ജന്മത്തിന്റെ ചക്രം ഇപ്പോൾ പൂർത്തിയാക്കി. ഇത് വളരെ വലിയ പരിധിയില്ലാത്ത നാടകശാല അഥവാ സ്റ്റേജാണ്. പരിധിയില്ലാത്ത സ്റ്റേജ്. ഈ പഴയ നാടകശാലയെ ഉപേക്ഷിച്ച് വീട്ടിലേക്ക് പോകണം. അപവിത്രമായ ആത്മാക്കൾക്ക് പോകാൻ സാധിക്കില്ല. തീർച്ചയായും പവിത്രമായി മാറണം. ഇപ്പോൾ ഇത് കളിയുടെ അവസാനമാണ്. അപരം അപാരമായ ദുഃഖത്തിന്റെ അവസാനമാണ് ഇപ്പോൾ. ഈ സമയം ഇതെല്ലാം മായയുടെ ഷോയാണ്, ഇതിനെയാണ് മനുഷ്യർ സ്വർഗ്ഗമെന്ന് മനസ്സിലാക്കുന്നത്, എത്ര കൊട്ടാരം, മാളിക, കാറുകൾ മുതലായവയെല്ലാം, ഇതിനെയാണ് മായയുടെ മത്സരമെന്ന് പറയുന്നത്. നരകത്തിന്റെ സ്വർഗ്ഗവുമായിട്ടുള്ള മത്സരം. അൽപ്പകാലത്തേക്കുള്ള സുഖമാണ്. ഇതാണ് ഡ്രാമ പ്ലാൻ അനുസരിച്ചുള്ള മായയുടെ പ്രലോഭനം. എത്രയധികം മനുഷ്യരാണ്. ആദ്യം കേവലം ഒരു ആദിസനാതനദേവീദേവതാ ധർമ്മം മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ ഈ നാടകശാല നിറഞ്ഞുകവിഞ്ഞു. ഇപ്പോൾ ഈ ചക്രം പൂർത്തിയാവുകയാണ്. എല്ലാം തമോപ്രധാനമാണ്, സൃഷ്ടിയും തമോപ്രധനമാണ് വീണ്ടും സതോപ്രധാനമാകും. മുഴുവൻ സൃഷ്ടിയും പുതിയതാകണം. പുതിയതിൽ നിന്നും പഴയത്. പഴയതിൽനിന്നും പുതിയത് ഇത് അനേക പ്രാവശ്യം സംഭവിച്ചുവന്നതാണ്. അനാദിയായ കളിയാണ്. എപ്പോൾ ആരംഭിച്ചു എന്ന് പറയാൻ സാധിക്കില്ല. അനാദിയായി നടന്നുകൊണ്ടിരിക്കുകയാണ്. ഇത് നിങ്ങൾക്കറിയാം വേറെ ആരുമറിയുന്നില്ല. നിങ്ങളും ഈ ജ്ഞാനം ലഭിക്കുന്നതിനുമുമ്പ് ഒന്നും അറിയുമായിരുന്നില്ല. ദേവതകളും അറിഞ്ഞിട്ടുണ്ടായിരുന്നില്ല. കേവലം നിങ്ങൾ പുരുഷോത്തമ സംഗമയുഗീബ്രാഹ്മണരാണ് അറിയുന്നത്. ഈ ജ്ഞാനം പ്രായലോപമാകുന്നതാണ്. ബാബ സുഖധാമത്തിന്റെ അധികാരിയാക്കി മാറ്റുകയാണ് ബാക്കി എന്തുവേണം. ബാബയിൽനിന്നും എന്താണോ നേടേണ്ടിയിരുന്നത്, നേടിക്കഴിഞ്ഞു ബാക്കി ഇനി നേടാനായി ഒന്നും ഇല്ല. ബാബ മനസ്സിലാക്കിത്തരികയാണ് - കുട്ടികളേ, നിങ്ങളാണ് വളരെ കൂടുതൽ പതിതമായി മാറിയത്. ആദ്യമാദ്യം നിങ്ങളാണ് പാർട്ട് അഭിനയിക്കാൻ വരുന്നത്, നിങ്ങൾക്ക് ആദ്യം പോകണം. ചക്രമല്ലേ. ആദ്യമാദ്യം നിങ്ങളാണ് മാലയിൽ കോർക്കപ്പെടുക. ഇത് രുദ്രമാലയല്ലേ. ചരടിൽ മുഴുവൻ ലോകത്തിലെ മനുഷ്യരും കോർക്കപ്പെട്ടതാണ്. ചരടിൽനിന്നും വിട്ട് പരംധാമത്തിലേക്ക് പോകും. പിന്നീട് വീണ്ടും ഇതേപോലെ ചരടിൽ കോർക്കപ്പെടും. വളരെ വലിയ മാലയാണ്. ശിവബാബക്ക് അനവധി കുട്ടികളാണ്. ആദ്യമാദ്യം നിങ്ങൾ ദേവതകളാണ് വരുന്നത്. ഇത് പരിധിയില്ലാത്ത മാലയാണ്, ഇതിൽ എല്ലാവരും മുത്തുകൾ പോലെ കോർക്കപ്പെട്ടിരിക്കുന്നു. രുദ്രമാലയും വിഷ്ണുവിന്റെ മാലയും മഹിമയുള്ളതാണ്. പ്രജാപിതാബ്രഹ്മാവിന്റെ മാലയില്ല. നിങ്ങൾ ബ്രഹ്മാകുമാരന്മാർക്കും കുമാരിമാർക്കും മാലയുണ്ടാകുന്നില്ല. കാരണം നിങ്ങൾക്ക് കയറ്റവും, ഇറക്കവും, ചിലപ്പോൾ തോൽവിയും ഉണ്ടാകും. ഇടക്കിടെ മായ വീഴ്ത്തുന്നതാണ്. അതുകൊണ്ട് ബ്രാഹ്മണരുടെ മാല ഉണ്ടാക്കുന്നില്ല, എപ്പോഴാണോ പൂർണ്ണമായും പാസ്സാകുന്നത് അപ്പോഴാണ് വിഷ്ണുവിന്റെ മാല തയ്യാറാകുന്നത്. പ്രജാപിതാ ബ്രഹ്മാവിന്റെ കുലമാണ്. എപ്പോഴാണോ പാസ്സാകുന്നത് അപ്പോൾ പറയാം ബ്രഹ്മാവിന്റെ മാലയെന്ന്. കുലം തയ്യാറാവുകയാണ്. ഈ സമയം മാല ഉണ്ടാകുന്നില്ല. കാരണം ഇന്ന് പവിത്രമായി മാറുന്നു, നാളെ മായയുടെ പ്രഹരത്തിൽ കറുത്തുപോകുന്നു. മുഴുവൻ സമ്പാദ്യവും നഷ്ടമാകുന്നു. ഒടിഞ്ഞുപോകുന്നു. എവിടെനിന്നാണ് വീഴുന്നത്, ചിന്തിക്കൂ. ബാബ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. ബാബയുടെ ശ്രീമത്തനുസരിച്ച് നടക്കുന്നതിലൂടെ നിങ്ങൾക്ക് ഉയർന്ന പദവി പ്രാപ്തമാക്കാൻ സാധിക്കും. തോറ്റുപോയാൽ എല്ലാം അവസാനിച്ചു. കാമവികാരം മഹാശത്രുവാണ്, ഈ വികാരത്തിൽ തോറ്റുപോകരുത്. ബാക്കി എല്ലാ വികാരങ്ങളും മക്കളും പേരകുട്ടികളുമാണ്. വലിയ

ശത്രു കാമവികാരമാണ്. അതിന്റെ മേലാണ് വിജയിക്കേണ്ടത്. കാമത്തെ ജയിക്കുന്നതിലൂടെ നിങ്ങൾക്ക് ലോകജേതാവായി മാറാം. ഈ 5 വികാരം പകുതി കൽപ്പത്തിന്റെ ശത്രുവാണ്, അതും നിങ്ങളെ വിട്ടുപോകില്ല. എല്ലാവരും കരഞ്ഞുകൊണ്ടുപറയും ക്രോധിക്കേണ്ടതായിവരുന്നു, പക്ഷേ ആവശ്യമെന്താണ്, സ്നേഹത്തോടെയും കാര്യങ്ങൾ നടക്കുന്നതാണ്. കള്ളനുപോലും സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുക്കുകയാണെങ്കിൽ അവർ പെട്ടെന്ന് സത്യം പറയും. ബാബ പറയുകയാണ് ഞാൻ സ്നേഹത്തിന്റെ സാഗരനാണ്, കുട്ടികളിലൂടെ സ്നേഹത്തോടെ കാര്യങ്ങൾ നടത്തുന്നു. ഏത് പദവിയിലുള്ളവരാണെങ്കിലും. ബാബയുടെ അടുത്ത് പട്ടാളക്കാരും വരുന്നുണ്ട്. അവർക്കും ബാബ മനസ്സിലാക്കിക്കൊടുക്കുകയാണ് നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോകാൻ ആഗ്രഹിക്കുന്നോ കേവലം ശിവബാബയെ ഓർമ്മിക്കൂ. അവരോട് പറയാറുണ്ടല്ലോ-നിങ്ങൾ യുദ്ധമൈതാനത്തിൽ മരിക്കുകയാണെങ്കിൽ സ്വർഗ്ഗത്തിലേക്ക് പോകും. വാസ്തവത്തിൽ യുദ്ധമൈതാനം ഇതാണ്. പട്ടാളക്കാർ യുദ്ധം ചെയ്തുചെയ്ത് മരിക്കുകയാണെങ്കിൽ അവിടെത്തന്നെ പോയി ജന്മമെടുക്കും കാരണം സംസ്കാരവും കൊണ്ടല്ലേ പോകുന്നത്. സ്വർഗ്ഗത്തിലേക്ക് പോകാൻ സാധിക്കില്ല. ബാബ അവർക്കും കൂടി മനസ്സിലാക്കിക്കൊടുത്തിരുന്നു ശിവബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾക്ക് സ്വർഗ്ഗത്തിലേക്ക് പോകാൻ സാധിക്കും. കാരണം സ്വർഗ്ഗത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. ശിവബാബയെ ഓർമ്മിക്കുന്നതിലൂടെ വികർമ്മം വിനാശമാകും. ഈ കുറച്ചു ജ്ഞാനമെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ ഈ അവിനാശിയായ ജ്ഞാനത്തിന് വിനാശം സംഭവിക്കുന്നില്ല. നിങ്ങൾ കുട്ടിൾ മേളകളെല്ലാം ചെയ്യുമ്പോൾ എത്ര പ്രജകൾ തയ്യാറാകുന്നു. നിങ്ങൾ ആത്മീയ സേനയാണ്. ഇതിൽ കമാന്റർ, മേജർ ഇങ്ങനെയുള്ളവർ കുറച്ചേ തയ്യാറാകുന്നുള്ളു, പ്രജകളെല്ലാം വളരെ കൂടുതലുണ്ടാകും. ആരാണോ നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കുന്നത് അവർ എന്തെങ്കിലും നല്ല പദവി നേടും. അതിലും ഫസ്റ്റ്, സെക്കന്റ്, തേഡ് ഇങ്ങനെയുള്ള ഗ്രേഡ് ഉണ്ടാകും. നിങ്ങൾ പഠിപ്പ് കൊടുത്തുകൊണ്ടിരിക്കൂ, ചിലരെ തനിക്കുസമാനമാക്കി മാറ്റുന്നുണ്ട്. ചിലർക്ക് വളരെ മുകളിലേക്കു പോകാൻ സാധിക്കുന്നുണ്ട്. കാണുന്നുണ്ട് ചിലർ മറ്റുള്ളവരേക്കാളും മുകളിലേക്ക് പോകുന്നതായി. പുതിയവർ പഴയവരേക്കാളും വേഗത്തിൽ പോകുന്നു. ബാബയോട് പൂർണ്ണമായും യോഗം വെക്കുകയാണെങ്കിൽ വളരെ ഉയരത്തിലേക്ക് പോകാം. മുഴുവൻ ആധാരവും യോഗമാണ്. നിങ്ങൾക്ക് അനുഭവമുണ്ട് ഈ ജ്ഞാനം വളരെ സഹജമാണ്. ബാബയുടെ ഓർമ്മയിലാണ് വിഘ്നമുണ്ടാകുന്നത്. ബാബ പറയുകയാണ് ഭോജനം കഴിക്കുന്നതും ഓർമ്മയിലായിരിക്കണം. പക്ഷേ ചിലർ രണ്ട് നിമിഷം, മറ്റുചിലർ 5 നിമിഷം ഓർമ്മയിലിരിക്കുന്നു. മുഴുവൻ സമയവും ഓർമ്മയിലിരിക്കുന്നത് വളരെ പ്രയാസമാണ്. മായ എവിടെയെങ്കിലും മറപ്പിക്കുകയാണ്. അതുകൊണ്ട് ബാബയല്ലാതെ മറ്റൊന്നിനേയും ഓർമ്മിക്കരുത് അപ്പോൾ കർമ്മാതീത അവസ്ഥയുണ്ടാകും. അഥവാ എന്തെങ്കിലും തന്റേതായിട്ടുണ്ടെങ്കിൽ അതിന്റെ ഓർമ്മ തീർച്ചയായും വരും. ഒന്നും തന്നെ ഓർമ്മ വരരുത്, ബ്രഹ്മാബാബയെപ്പോലെ. ബ്രഹ്മാബാബക്ക് എന്തെങ്കിലും ഓർമ്മ വരുന്നുണ്ടോ. കുട്ടികളുടേയോ, ധനത്തിന്റേയോ അങ്ങനെ എന്തെങ്കിലും. കേവലം നിങ്ങൾ കുട്ടകളെയാണ് ഓർമ്മ വരുന്നത്. നിങ്ങൾ തീർച്ചയായും ബാബയെ ഓർമ്മിക്കണം. കാരണം ബാബ വന്നിരിക്കുകയാണ് നന്മ ചെയ്യുന്നതിനുവേണ്ടി. ബാബക്ക് എല്ലാവരേയും ഓർമ്മിക്കണം. പക്ഷേ എന്നിട്ടും ബുദ്ധി പൂക്കളുടെ ഭാഗത്തേക്കാണ് പോകുന്നത്. പൂക്കൾ അനേകപ്രകാരത്തിലുണ്ട്. സുഗന്ധമില്ലാത്തതുമുണ്ട്. പൂന്തോട്ടമല്ലേ. ബാബയെ തോട്ടത്തിന്റെ ഉടമസ്ഥനെന്നും, കാവൽക്കാരനെന്നും പറയും. നിങ്ങൾക്കറിയാം മനുഷ്യർ ക്രോധത്തിലേക്ക് വന്ന് എത്ര വഴക്കും ബഹളവും ഉണ്ടാക്കുന്നു. വളരെയധികം ദേഹാഭിമാനമാണ്. ബാബ മനസ്സിലാക്കിത്തരികയാണ് - എപ്പോഴെങ്കിലും ആരെങ്കിലും ദേഷ്യപ്പെടുകയാണെങ്കിൽ ശാന്തമായിട്ടിരിക്കണം. ക്രോധവും ഭൂതമല്ലേ. ഭൂതത്തിന്റെ മുന്നിൽ ശാന്തിയോടെ പ്രതികരിക്കണം.

ഈശ്വരീയമതമാണ് സർവ്വശാസ്ത്രങ്ങളുടേയും ശിരോമണിയായ ശ്രീമദ് ഭഗവദ്ഗീത. ഈശ്വരീയമതം, ആസുരീയമതം, ദൈവീകമതം. ഇവയെല്ലാം എന്താണെന്ന് ഒരു ഈശ്വരൻ വന്നാണ് പറഞ്ഞുതരുന്നത്. രാജയോഗത്തിന്റെ ജ്ഞാനമാണ് നൽകുന്നത്. പിന്നീട് ഈ ജ്ഞാനം അപ്രത്യക്ഷമാകും. രാജാക്കന്മാരുടേയും രാജാവായി മാറിക്കഴിഞ്ഞാൽ പിന്നീട് ഈ ജ്ഞാനം കൊണ്ട് എന്തുചെയ്യാൻ? 21 ജന്മത്തിന്റെ പ്രാലബ്ദം അനുഭവിക്കുന്നു. ഇത് പുരുഷാർത്ഥത്തിന്റെ ഫലമാണെന്ന് അവിടെ അറിയാൻ പോലും കഴിയില്ല. അനേക പ്രാവശ്യം നിങ്ങൾ സത്യയുഗത്തിൽ പോയവരാണ്. ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കുന്നതാണ്. സത്യയുഗവും ത്രേതായുഗവുമാണ് ജ്ഞാനത്തിന്റെ ഫലം. അവിടെ ജ്ഞാനം ലഭിക്കുന്നില്ല. ബാബ വന്ന് ഇവിടെയാണ് ഭക്തിയുടെ ഫലമായ ജ്ഞാനം നൽകുന്നത്. ബാബ പറയുകയാണ് നിങ്ങളാണ് കൂടുതൽ ഭക്തി ചെയ്യുന്നത്. ഇപ്പോൾ ഒരു ബാബയെ ഓർമ്മിക്കൂ. എങ്കിൽ തമോപ്രധാനതയിൽനിന്നും സതോപ്രധാനമായി മാറാം. ഇതിലാണ് പരിശ്രമം. രചനയുടെ ആദി-മദ്ധ്യ-അന്ത്യത്തെ ഓർമ്മിക്കൂ എങ്കിൽ ചക്രവർത്തി രാജാവായി മാറാം. ഭഗവാൻ കുട്ടികളെ ഭഗവാൻ ഭഗവതിയാക്കി മാറ്റുകയല്ലേ. പക്ഷേ ദേഹധാരികളെ ഭഗവാൻ ഭഗവതി എന്ന് പറയുന്നത് തെറ്റാണ്.

ബ്രഹ്മാവിനും, വിഷ്ണുവിനും, ശിവനുമായിട്ട് എത്രമാത്രം സംബന്ധമാണ്. ഈ ബ്രഹ്മാവാണ് വീണ്ടും വിഷ്ണുവായി മാറുന്നത്. പിന്നീട് ബ്രഹ്മാവിലേക്ക് ശിവൻ പ്രവേശിക്കുകയാണ്. സൂക്ഷ്മവതനത്തിലുള്ളവരെ ഫരിസ്തകളെന്ന് പറയുന്നു. നിങ്ങൾക്കും ഫരിസ്തകളായി മാറണം, സാക്ഷാത്കാരമെല്ലാം ഉണ്ടാകും, ബാക്കി അവിടെ ഒന്നും തന്നെയില്ല. നിശ്ശബ്ദത, ആംഗ്യം പിന്നെ ഇവിടെ ശബ്ദം. ഇതാണ് വിസ്താരം. ബാക്കി സാരമായി പറയുന്നതാണ് മൻമനാഭവ, എന്നെ മാത്രം ഓർമ്മിക്കൂ കാലചക്രത്തെ ഓർമ്മിക്കൂ. ഇവിടെയിരിക്കുമ്പോഴും, സുഖധാമത്തെ ഓർമ്മിക്കൂ. ഈ പഴയ ദുഃഖധാമത്തെ മറക്കൂ. ഇത് ബുദ്ധിയിലൂടെ പരിധിയില്ലാത്ത സന്യാസമാണ്. സന്യാസിമാരുടെത് പരിധിയുള്ള സന്യാസമാണ്. നിവൃത്തിമാർഗ്ഗത്തിലുള്ളവർക്ക് പ്രവർത്തിമാർഗ്ഗത്തിലുള്ളവരുടെ ജ്ഞാനം കൊടുക്കാൻ സാധിക്കില്ല. രാജാറാണിയായി മാറുന്നത് പ്രവർത്തിമാർഗ്ഗമാണ്. സത്യയുഗത്തിൽ സുഖമാണ്. നിവൃത്തിമാർഗ്ഗത്തിലുള്ളവർ സുഖത്തെ അംഗീകരിക്കുന്നില്ല. സന്യാസിമാരും കോടിക്കണക്കിനുണ്ട് അവരുടെ പരിപാലനയും സമ്പാദ്യവും നടക്കുന്നത് ഗൃഹസ്ഥികളിൽ നിന്നാണ്. ഒന്ന് നിങ്ങൾ ദാനപുണ്യങ്ങൾ ചെയ്തു, വീണ്ടും പാപത്തിന്റെ കർമ്മം ചെയ്യുകയാണെങ്കിൽ പാപാത്മാവായി മാറും. നിങ്ങൾ കുട്ടികളിപ്പോൾ അവിനാശി ജ്ഞാനരത്നങ്ങളുടെ കൊടുക്കൽ വാങ്ങലാണ് ചെയ്യുന്നത്. ധർമ്മശാലയെല്ലാം ഉണ്ടാക്കുമ്പോൾ അടുത്ത ജന്മത്തിൽ അതിനുള്ള നല്ല ഫലം ലഭിക്കും ഇത് പരിധിയില്ലാത്ത ബാബയാണ്. ഇവിടെ ഡയറക്ടാണ്, (നേരിട്ട്). മറ്റുള്ളത് ഇൻഡയറക്ടാണ് (നേരിട്ടല്ലാത്തത്). ഈശ്വരാർപ്പണം ചെയ്യുന്നു. ഇപ്പോൾ വിശപ്പ് രണ്ടുപേർക്കും ഇല്ല. ശിവബാബ ദാതാവാണ്, ബാബക്കെന്താ വിശപ്പുണ്ടാകുമോ. ശ്രീകൃഷ്ണൻ ദാതാവല്ല. ബാബ എല്ലാവർക്കും കൊടുക്കുന്ന ആളാണ്, എടുക്കുന്നയാളല്ല. ഒന്നു കൊടുത്താൽ 10 നേടും. സാധുക്കൾ രണ്ടു രൂപ കൊടുക്കുകയാണെങ്കിൽ കോടികൾ ലഭിക്കുന്നു (സുദാമയെപ്പോലെ). ഭാരതം സ്വർണ്ണപ്പക്ഷിയായിരുന്നില്ലേ. ബാബ എത്ര ധനവാനാക്കി മാറ്റിയതാണ്. സോമനാഥക്ഷേത്രത്തിൽ എത്ര അളവറ്റ ധനമുണ്ടായിരുന്നു. എത്ര കൊള്ളയടിച്ചുകൊണ്ടുപോയി. വലിയ വലിയ വജ്രങ്ങളും വൈഡൂര്യങ്ങളും ഉണ്ടായിരുന്നു. ഇപ്പോൾ കാണുന്നതിനുപോലുമില്ല, ദരിദ്രമായിപ്പോയി. വീണ്ടും ഈ ചരിത്രം ആവർത്തിക്കപ്പെടും. സത്യയുഗത്തിൽ എല്ലാ ഖനികളും നിങ്ങൾക്കുവേണ്ടി നിറഞ്ഞിരിക്കും. വജ്രങ്ങളും വൈഡൂര്യങ്ങളും അവിടെ കല്ലുകൾ പോലെയായിരിക്കും. ബാബ അവിനാശി ജ്ഞാനരത്നമാണ് നൽകുന്നത്, ഇതിലൂടെ നിങ്ങൾ അളവില്ലാത്ത ധനികരായി മാറുന്നു. മധുരമധുരമായ കുട്ടികൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം എത്രത്തോളം പഠിക്കുന്നു, അത്രയും സന്തോഷം വർദ്ധിക്കും. വലിയ പരീക്ഷകൾ പാസ്സാകുമ്പോൾ ബുദ്ധിയിലുണ്ടാകാറില്ലേ – ഞാൻ ഇന്ന ആളായി മാറും ഈ കാര്യം ചെയ്യും. നിങ്ങൾക്കറിയാം ഇവിടെ ദേവതയായി മാറുകയാണ്. ഇത് ജഡചിത്രമാണ്. സത്യയുഗത്തിൽ നാം ചൈതന്യമായിരിക്കും. ഈ ചിത്രമെല്ലാം നിങ്ങൾ ഉണ്ടാക്കിയത് എവിടെ നിന്നുവന്നു? ദിവ്യദൃഷ്ടിയിലൂടെ കണ്ടിട്ട് വന്നതാണ്. ചിത്രങ്ങൾ വളരെ അത്ഭുതകരമാണ്. ചിലർ വിചാരിക്കുന്നു ഈ ബ്രഹ്മാവുണ്ടാക്കിയതാണ്. അഥവാ ആരിൽ നിന്നെങ്കിലും പഠിച്ചതാണെങ്കിൽ കേവലം ഒരാൾ മാത്രമല്ല പഠിച്ചിട്ടുണ്ടാവുക, മറ്റുള്ളവരും പഠിച്ചിട്ടുണ്ടാകില്ലേ. ബാബ പറയുകയാണ് ഞാൻ ഒന്നും പഠിച്ചിട്ടില്ല. ബാബ ദിവ്യദൃഷ്ടിയിലൂടെ തയ്യാറാക്കിപ്പിച്ചതാണ്. ഈ ചിത്രങ്ങളെല്ലാം തന്നെ ശ്രീമത്തിലൂടെ ഉണ്ടാക്കിയതാണ്. ഇത് മനുഷ്യമതമല്ല. എല്ലാം തന്നെ ഇല്ലാതാകുന്നതാണ്. ഒന്നിന്റേയും പേരോ അടയാളമോ തന്നെ ഉണ്ടായിരിക്കില്ല. ഇത് സൃഷ്ടിയുടെ അന്തിമമാണ്. ഭക്തിമാർഗ്ഗത്തിന്റെ എന്തെല്ലാം സാധനങ്ങളാണ് ഇതും ഉണ്ടായിരിക്കില്ല. പുതിയ ലോകത്തിൽ എല്ലാം പുതിയതായിരിക്കും. നിങ്ങൾ അനേകപ്രാവശ്യം സ്വർഗ്ഗത്തിന്റെ അധികാരിയായി മാറിയതാണ് വീണ്ടും മായ തോൽപ്പിക്കുകയാണ്. വികാരത്തെയാണ് മായയെന്ന് പറയുന്നത്, ധനത്തെയല്ല. നിങ്ങൾ കുട്ടികൾ രാവണന്റെ ചങ്ങലയിൽ പകുതി കൽപ്പത്തോളം കുരുങ്ങിയതായിരുന്നു. രാവണനാണ് വളരെ പഴയ ശത്രു. പകുതി കൽപത്തോളം മായയുടെ രാജ്യമാണ് നടക്കുന്നത്. ലക്ഷക്കണക്കിനു വർഷമെന്ന് പറയുന്നതിലൂടെ പകുതി–പകുതിയുടെ കണക്കുകൂടി ഉണ്ടാകുന്നില്ല. ഇത് എത്ര വ്യത്യാസമാണ്. നിങ്ങൾക്ക് ബാബ പറഞ്ഞ് തന്നു, മുഴവൻ കല്പത്തിന്റെയും ആയുസ്സ് 5000 വർഷമാണ്, 84 ലക്ഷം ജന്മങ്ങളൊന്നും ഇല്ല. ഇതെല്ലാം കേട്ടുകേൾവിയാണ്. സൂര്യവംശി, ചന്ദ്രവംശി, ഇവിടെയുള്ള ദേവതകൾ ഇത്രയും ലക്ഷക്കണക്കിനു വർഷം രാജ്യം ഭരിച്ചിരുന്നുവോ. ഈ ബുദ്ധികൊണ്ട് കാര്യമില്ല. സന്യാസിമാർ മനസ്സിലാക്കുന്നത് ഇപ്പോൾ ഞങ്ങൾ സ്വയത്തെ തെറ്റാണെന്ന് അംഗീകരിച്ചാൽ എല്ലാ ശിഷ്യന്മാരും ഞങ്ങളെ വിട്ട് പോകില്ലേ. വിപ്ലവം തന്നെയുണ്ടാകും. അതുകൊണ്ട് ഇപ്പോൾ അവർ നിങ്ങളുടെ മതത്തിലൂടെ നടന്ന് തങ്ങളുടെ രാജ്യം ഉപേക്ഷിക്കില്ല. അവസാനം കുറച്ച് മനസ്സിലാക്കും, ഇപ്പോഴില്ല. ധനികരും ഈ ജ്ഞാനം എടുക്കില്ല. ബാബ പറയുകയാണ് ഞാൻ സാധുക്കളുടെ നാഥനാണ്. ധനികരായിരിക്കുന്നവർ ഒരിക്കലും സമർപ്പണമായി കർമ്മാതീതാവസ്ഥ നേടില്ല. ബാബ വളരെ മിടുക്കനായ ആഭരണവ്യാപാരിയാണ്. സാധുക്കളുടേത് മാത്രമേ എടുക്കൂ. ധനികരുടേത് എടുത്താൽ അത്രയും കൊടുക്കേണ്ടതായിവരും. ധനികർ ജ്ഞാനമെടുക്കുന്നതുതന്നെ പ്രയാസമാണ്. കാരണം ഇവിടെ എല്ലാം മറക്കേണ്ടതായിട്ടുണ്ട്. ഒന്നും കൈവശമുണ്ടാകരുത്. അപ്പോൾ പറയാം കർമ്മാതീതാവസ്ഥ.

ധനികർക്ക് ഒന്നും മറക്കാൻ സാധിക്കില്ല, ആരാണോ കൽപം മുമ്പും എടുത്തത് അവരേ എടുക്കുള്ളു. ശരി,

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  പുലർകാല വന്ദനവും  ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക്  നമസ്കാരം

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1) എങ്ങനെയാണോ ബാബ സ്നേഹത്തിന്റെ സാഗരം, അതേപോലെ മാസ്റ്റർ സ്നേഹത്തിന്റെ സാഗരമായി മാറി സ്നേഹത്തോടെ കാര്യങ്ങൾ നടത്തിക്കണം. ദേഷ്യപ്പെടരുത്. ആരെങ്കിലും ദേഷ്യപ്പെട്ടാലും നിങ്ങൾ ശാന്തമായിട്ടിരിക്കണം.

2) ബുദ്ധിയിലൂടെ ഈ പഴയ ദുഃഖത്തിന്റെ ലോകത്തെ മറന്ന് പരിധിയില്ലാത്ത സന്യാസിയായി മാറണം. ശാന്തിധാമത്തേയും സുഖധാമത്തേയും ഓർമ്മിക്കണം. അവിനാശി ജ്ഞാനരത്നങ്ങളുടെ കൊടുക്കൽ വാങ്ങൽ നടത്തണം.

## വരദാനം:- വികാരങ്ങളാകുന്ന വിഷസർപ്പങ്ങളെ കഴുത്തിലെ മാലയാക്കുന്ന ശങ്കരന് സമാനം തപസ്വീമൂർത്തിയായി ഭവിക്കട്ടെ.

ഈ പഞ്ചവികാരങ്ങൾ ആളുകളെ സംബന്ധിച്ച് വിഷസർപ്പം പോലെയാണ്, ഈ പാമ്പ് താങ്കൾ യോഗികളും പ്രയോഗികളുമായ ആത്മാക്കളുടെ കഴുത്തിലെ മാലയായി മാറുന്നു. ഇത് താങ്കൾ ബ്രാഹ്മണരുടെയും ബ്രഹ്മാബാബയുടെയും അശരീരി തപസ്വി സ്വരൂപത്തിന്റെ ഓർമ്മചിഹ്നമായി ഇപ്പോഴും പൂജിക്കപ്പെടുന്നുണ്ട്. രണ്ട്- ഈ പാമ്പ് സന്തോഷത്തിൽ നൃത്തമാടുന്നതിന്റെ സ്റ്റേജായി മാറുന്നു- ഈ സ്ഥിതിയാണ് സ്റ്റേജിന്റെ രൂപത്തിൽ കാണിക്കുന്നത്. അതിനാൽ എപ്പോൾ അങ്ങനെ വികാരങ്ങളുടെ മേൽ വിജയിക്കുന്നുവോ അപ്പോൾ പറയാം തപസ്വീ മൂർത്തി, പ്രയോഗീ ആത്മാവ്.

## സ്ലോഗൻ:- ആരുടെ സ്വഭാവം മധുരവും ശാന്തചിത്തവുമാണോ അവരുടെ മേൽ ക്രോധത്തിന്റെ ഭൂതത്തിന് യുദ്ധം ചെയ്യാൻ സാധിക്കില്ല.